# സിന്ധു നദീതട സംസ്കാരം (3000 -15000 BC)

❖ സിന്ധു നദീതട സംസ്കാരത്തിന്റെ ഉപജ്ഞാതാക്കൾ?

ദ്രാവിഡർ

❖ സിന്ധു നദീതട സംസ്കാരത്തിന്റെ പ്രധാന സവിശേഷത?

നഗരാസൂത്രണവും, നഗരവത്കരണവും

❖ ഇൻഡസ് എന്ന പേരിൽ അറിയപ്പെടുന്ന നദി?

സിന്ധു

❖ വെങ്കലയുഗ സംസ്കാരം എന്നറിയപ്പെടുന്ന സംസ്കാരം?

സിന്ധുനദീതട സംസ്കാരം

❖ ഇന്ത്യ എന്ന പേര് ഉടലെടുത്തത്?

സിന്ധു എന്ന  പേരിൽ നിന്നും

❖ സിന്ധുനദീതട പ്രദേശം അറിയപ്പെടുന്ന പേര്?

സപ്തസൈന്ധവദേശം

❖ സിന്ധുനദീതട കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രധാന മനുഷ്യ വർഗ്ഗങ്ങൾ?

പ്രോട്ടോ-ആസ്ട്രോലോയിഡ്, മെഡിറ്ററേനിയൻ ആൽപ്പിനോയിഡ്, മംഗോളിഡ്

❖ സിന്ധു നദീതട നിവാസികൾ ഏറ്റവുമധികമുണ്ടായിരുന്ന പ്രദേശം?

മെഡിറ്ററേനിയൻ (ഇവർ ദ്രാവിഡർ എന്ന പേരിൽ അറിയപ്പെടുന്നു.)

❖ ഹാരപ്പൻ സംസ്കാരത്തിന്റെ മൂന്ന് ഘടകങ്ങളും (Pre-Harappan, Harappan, Post Harappan) നിലനിന്നിരുന്ന ഹാരപ്പൻ നഗരങ്ങൾ?

രോജ്ഡി, ദെസിൽപ്പൂർ, സുർക്കോറ്റാഡ

SSC RRB EXAMS

❖ പൂർവ്വ ഹാരപ്പൻ സംസ്കാര അവശിഷ്ടങ്ങൾ ലഭിച്ച സ്ഥലങ്ങളിൽ പ്രധാനം?

രൺഗപ്പൂർ

❖ സിന്ധു നദീതട സംസ്കാരത്തെക്കുറിച്ച് ആദ്യമായി സൂചന നൽകിയത്?

ചാൾസ് മേഴ്സൺ

❖ സിന്ധു നദീതട നിവാസികളുടെ പ്രധാന ആരാധനാ മൂർത്തി?

മാതൃ ദേവതയും പശുപതി മഹാദേവനും, കൂടാതെ മൃഗങ്ങളെയും (കാള) വൃക്ഷ രൂപങ്ങളെയും, പ്രകൃതി ശക്തികളെയും(തീ), മനുഷ്യനും, മൃഗവും ചേർന്ന 'യൂണികോൺ' എന്ന പ്രത്യേക രൂപത്തെയും ആരാധിച്ചിരുന്നു.

❖ സിന്ധു നദീതട നഗരങ്ങളുടെ പ്രത്യേകത?

ചുടുകട്ടകൊണ്ട് നിർമ്മിച്ച വീടുകൾ, വീടിനോട് ചേർന്ന കിണറുകൾ, ഓട സംവിധാനം, മികച്ച റോഡ് സംവിധാനം

❖ റോഡുകൾ നിർമ്മിക്കപ്പെട്ടിരുന്ന രീതി?

മട്ടകോൺ ആകൃതിയിൽ

❖ ഏറ്റവും വടക്കുഭാഗത്ത് കാണുന്ന സിന്ധു നദീതട പ്രദേശം?

ജമ്മുവിലെ മാണ്ട

❖ ഏറ്റവും തെക്കുഭാഗത്ത് കാണപ്പെടുന്ന സിന്ധു നദീതട പ്രദേശം?

ഗുജറാത്തിലെ ദെയ്മാബാദ്

❖ മെസപ്പൊട്ടോമിയക്കാർ ഹാരപ്പയെ വിളിച്ചിരുന്നത്?

മെലൂഹ

❖ മെസപ്പൊട്ടോമിയക്കാർ സിൻഡം എന്നു വിളിച്ചിരുന്നത്?

പരുത്തി

SSC RRB EXAMS

- സിന്ധു നദീതട നിവാസികൾക്ക് പരിചയമില്ലാതിരുന്ന കാർഷിക വിള?

  കരിമ്പ്

- കുശവന്റെ ചക്രം ഏത് സംസ്കാരത്തിന്റെ ഭാഗമാണ്?

  സിന്ധു നദീതട സംസ്കാരം

- പരുത്തി കൃഷി ചെയ്തിരുന്ന ഏറ്റവും പുരാതന ജനവിഭാഗം?

  സിന്ധു നദീതട നിവാസികൾ

- സിന്ധു നദീതട നിവാസികൾ അളവ് തൂക്ക ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിരുന്ന അടിസ്ഥാന സംഖ്യ?

  16

- ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നിലവിൽ വന്ന വർഷം?

  1861 (സ്ഥാപകൻ-അലക്സാണ്ടർ കണ്ണിംഗ് ഹാം)

- ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിന്റെ പിതാവ്?

  അലക്സാണ്ടർ കണ്ണിംഗ്ഹാം

- ഇന്ത്യൻ പുരാവസ്തു ഗവേഷണ വകുപ്പ് ആരംഭിക്കാൻ മുൻകൈയെടുത്ത ഗവർണർ ജനറൽ?

  കാനിങ് പ്രഭു

- സിന്ധു നദീതട ജനത ആരാധിച്ചിരുന്ന മൃഗം?

  കാള

- സിന്ധു നദീതട ജനത ഇണക്കി വളർത്തിയിരുന്ന മൃഗം?

  നായ

- സിന്ധു നദീതട ജനതയ്ക്ക് അറിവില്ലായിരുന്ന മൃഗം?

  കുതിര

SSC RRB EXAMS

**അഭിപ്രായങ്ങൾ**

- ❖ പ്രകൃതി ദുരന്തങ്ങളാണ് സിന്ധു നദീതട സംസ്കാരത്തിന്റെ തകർച്ചയ്ക്ക് കാരണമെന്ന് അഭിപ്രായപ്പെട്ടത്?

  ജി.എഫ് ഡേൽസി

- ❖ ആര്യന്മാരുടെ വരവാണ് സിന്ധു നദീതട സംസ്കാരത്തിന്റെ തകർച്ചയ്ക്ക് കാരണമായത് എന്ന് അഭിപ്രായപ്പെട്ടത്?

  മോർട്ടിമർ വീലർ

- ❖ സിന്ധു നദി വഴിമാറി ഒഴുകിയതാണ് സിന്ധു നദീതട സംസ്കാരത്തിന്റെ തകർച്ചയ്ക്ക് കാരണമെന്ന് അഭിപ്രായപ്പെട്ടത്?

  സർ ജോൺ മാർഷൽ, ലാംബ്രിക്

**സിന്ധു നദീതട കേന്ദ്രങ്ങൾ കണ്ടെത്തിയവർ**

- ❖ ഹാരപ്പ - ദയാറാം സാഹ്നി (1921)
- ❖ മോഹൻജൊദാരോ - ആർ.ഡി. ബാനർജി (1922)
- ❖ സുത്കാഗെൽഡോർ - ഔറൽ സ്റ്റെയ്ൻ (1927)
- ❖ അമ്രി - എം.ജി. മജുംദാർ (1929)
- ❖ ചാൻഹുദാരോ - എം.ജി. മജുംദാർ (1931)
- ❖ രൺഗപ്പൂർ - എം.എസ്.വാട്സ് (1931)
- ❖ കോട്ട്സിജി - ഗുറൈ (1935)
- ❖ കാലിബംഗൻ - എ. ഘോഷ് (1953)
- ❖ രൂപാർ - വൈ.ഡി. ശർമ (1955)
- ❖ ലോത്തൽ - എസ്.ആർ. റാവു (1957)
- ❖ സുർകോതാഡ - ജഗത്പതി ജോഷി (1972)

SSC RRB EXAMS

- ബാൻവലി - ആർ.എസ്. ബിഷ്ട്  (1973)
- ദോളവീര - ആർ.എസ്. ബിഷ്ട് (1990-91)

**ഹാരപ്പ**

- പാകിസ്ഥാനിലെ മൗണ്ട് ഗോമറി (സഹിവാൾ) ജില്ലയിൽ സ്ഥിതി ചെയ്യുന്ന സിന്ധു നദീതട കേന്ദ്രം?

  ഹാരപ്പ

- ഹാരപ്പയെ ആദ്യമായി ഖനനം ചെയ്ത് കണ്ടെത്തിയത്?

  ദയാറാം സാഹ്നി

- ഹാരപ്പൻ സംസ്കാരം നിലനിന്നിരുന്ന നദീതീരം?

  രവി (പരുഷ്ണി)

- സിന്ധു നദീതട കാലത്തുണ്ടായിരുന്നതും എന്നാൽ ഇപ്പോൾ ഭൂമിക്കടിയിലായി എന്നു കരുതുന്നതുമായ നദി?

  സരസ്വതി

- ഋഗ്വേദത്തിൽ 'ഹരിയുപ്പ്യ' എന്ന് പരാമർശിക്കുന്നത്?

  ഹാരപ്പ

- ചെമ്പ് നിർമ്മിതികൾക്ക് പ്രസിദ്ധമായ സിന്ധു നദീതട പ്രദേശം?

  ഹാരപ്പ

- ശിവലിംഗാരാധനയെക്കുറിച്ച് ആദ്യതെളിവ് ലഭിച്ചത്?

  ഹാരപ്പയിൽ നിന്ന്

- ഹാരപ്പൻ ജനതയുടെ പ്രധാന ഭക്ഷ്യ ധാന്യങ്ങൾ?

  ഗോതമ്പ്, ബാർലി

SSC RRB EXAMS

- സിന്ധു നദീതട ജനത മൃതദേഹങ്ങൾ പെട്ടിയിൽ അടക്കം ചെയ്തിരുന്നു എന്നതിന് തെളിവ് ലഭിച്ചത്?

  ഹാരപ്പയിൽ നിന്ന്

- ഹാരപ്പൻ ജനതയുടെ എഴുത്ത് ലിപി?

  ചിത്രലിപി (Pictographic)

- ഹാരപ്പൻ എഴുത്ത് വിദ്യ അറിയപ്പെടുന്നത്?

  ബോസ്ട്രോഫിഡൺ (Boustrophedon)

**മോഹൻജൊദാരോ**

- പാകിസ്ഥാനിലെ ലാർക്കാന ജില്ലയിൽ കേന്ദ്രീകരിച്ചിരുന്ന സിന്ധുനദീതട പ്രദേശം?

  മോഹൻജൊദാരോ

- 'മരിച്ചവരുടെ മല' എന്നറിയപ്പെടുന്ന പ്രദേശം?

  മോഹൻജൊദാരോ

- ഇഷ്ടിക പാകിയ വഴികളും, ഇഷ്ടിക കൊണ്ട് നിർമ്മിച്ച ഇരുനിലക്കെട്ടിടങ്ങളും, വ്യക്തമായ അഴുക്കുചാൽ സംവിധാനവും കൊണ്ട് വ്യത്യസ്തമായ സിന്ധുനദീതട കേന്ദ്രം?

  മോഹൻജൊദാരോ

- കൊട്ടാരസാമ്യമുള്ള ക്ഷേത്രമുണ്ടായിരുന്ന നഗരം?

  മോഹൻജൊദാരോ

- മോഹൻജൊദാരോയിൽ നിന്നും കണ്ടെടുത്ത പ്രശസ്തമായ നിർമ്മിതി?

  മഹാസ്നാനഘട്ടം (ഗ്രേറ്റ് ബാത്ത്)

- ആദ്യമായി കണ്ടെത്തിയ സിന്ധു നദീതട സംസ്കാര കേന്ദ്രം?

ഹാരപ്പ

- രണ്ടാമതായി കണ്ടെത്തിയ സിന്ധു നദീതട സംസ്കാര കേന്ദ്രം?

  മോഹൻജൊദാരോ

- അവസാനമായി കണ്ടെത്തിയ സിന്ധു നദീതട സംസ്കാര കേന്ദ്രം?

  ദോളവീര

- സിന്ധു നദീതട സംസ്കാരത്തിന് ആ പേര് നൽകിയത്?

  സർ.ജോൺ മാർഷൽ

- ഹാരപ്പൻ ഉൾഖനനത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ പുരാവസ്തു വകുപ്പിന്റെ തലവൻ?

  സർ.ജോൺ മാർഷൽ

- ഹാരപ്പൻ മുദ്രകൾ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്ന കല്ലുകൾ?

  സ്റ്റിയറ്റൈറ്റ്

- ഇന്ത്യയിൽ ഏറ്റവും കൂടുതൽ സിന്ധുനദീതട കേന്ദ്രങ്ങൾ കാണപ്പെടുന്ന സംസ്ഥാനം?

  ഗുജറാത്ത്

- സ്ത്രീയേയും പുരുഷനേയും ഒന്നിച്ച് അടക്കം ചെയ്തതിന്റെ തെളിവ് ലഭിച്ചത്?

  ലോത്തലിൽ നിന്ന്

- വെള്ളപ്പൊക്കത്തിൽ നശിച്ചുപോയി എന്ന് കരുതപ്പെടുന്ന സിന്ധു നദീതട പ്രദേശം?

  മോഹൻജൊദാരോ

**ലോത്തൽ**

SSC RRB EXAMS

- ഗുജറാത്തിലെ ബോഗ്വ നദിക്കരയിൽ സ്ഥിതി ചെയ്തിരുന്ന സിന്ധുനദീതട സംസ്കാരം?

  ലോത്തൽ

- സിന്ധു നദീതട സംസ്കാരത്തിന്റെ ഭാഗമായ തുറമുഖ നഗരം?

  ലോത്തൽ

- ലോത്തലിനെ കൂടാതെ ബാലകോട്ട്, സുക്താഗെൽഡോർ എന്നിവയും തുറമുഖ നഗരങ്ങളാണ്.
- പശ്ചിമേഷ്യൻ (മെസപ്പൊട്ടേമിയൻ) വ്യാപാരവുമായി ബന്ധപ്പെട്ടിരുന്ന സിന്ധു നദീതട കേന്ദ്രങ്ങൾ?

  ലോത്തൽ, സുക്താഗെൽഡോർ

- സിന്ധു നദീതട മുദ്രകൾ ലഭിച്ച പശ്ചിമേഷ്യൻ (മെസപ്പെട്ടോമിയൻ) നഗരങ്ങൾ ?

  ഉർ, ഉമ്മ, കിഷ്, ലഗാഷ് ടെൽഅസ്മർ

**ചാൻഹുദാരോ**

- ഏറ്റവും ചെറിയ ഹാരപ്പൻ നഗരം ?

  ചാൻഹുദാരോ

- സിറ്റാഡൽ (മേൽപ്പട്ടണം) ഇല്ലാത്ത ഹാരപ്പൻ നഗരം?

  ചാൻഹുദാരോ

- മുത്ത് നിർമ്മാണത്തിന് പ്രസിദ്ധമായ ഹാരപ്പൻ നഗരം?

  ചാൻഹുദാരോ

**കാലിബംഗൻ**

- തടിക്കൊണ്ട് നിർമ്മിച്ച ഓട സംവിധാനം കണ്ടെത്തിയ സിന്ധു നദീതട സംസ്കാരം?

SSC RRB EXAMS

കാലിബംഗൻ

- ❖ എല്ലാ വീടുകളോടും ചേർന്ന് കിണറുകളുണ്ടായിരുന്ന പ്രദേശം?

  കാലിബംഗൻ

- ❖ ഒട്ടകത്തിന്റെ ഫോസിലുകൾ കണ്ടെത്തിയ സിന്ധു നദീതട കേന്ദ്രം?

  കാലിബംഗൻ

- ❖ കാലിബംഗൻ നശിക്കാനുണ്ടായ പ്രധാന കാരണം?

  ഘഗാർ (ലഹാർ) നദിയിലെ വരൾച്ച

- ❖ രാജസ്ഥാനിൽ കേന്ദ്രീകരിച്ചിരുന്ന സിന്ധു നദീതട പ്രദേശം?

  കാലിബംഗൻ

- ❖ 'കാലിബംഗൻ' എന്ന വാക്കിനർത്ഥം?

  കറുത്ത വളകൾ

**രൂപാർ**

- ❖ മനുഷ്യനൊപ്പം നായയെ അടക്കം ചെയ്തിരുന്നതിന്റെ തെളിവ് ലഭിച്ചത്?

  രൂപാറിൽ

- ❖ രൂപാർ സ്ഥിതിചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം?

  പഞ്ചാബ്

- ❖ തീ പടർന്നതിനെ തുടർന്ന് നശിച്ചുപോയ ഹാരപ്പൻ നഗരം?

  കോട്ട് സിജി

**സുക്താഗെൽഡോർ**

- ❖ ബലൂചിസ്ഥാനിലെ ദസ്ത നദീതീരത്ത് നിലനിന്നിരുന്ന സിന്ധു നദീതട സംസ്കാരത്തിന്റെ ഭാഗം?

SSC RRB EXAMS

സുക്താഗെൽഡോർ

- മനുഷ്യന്റെ ചിതാഭസ്മം അടക്കം ചെയ്ത പേടകങ്ങൾ ലഭിച്ചത്?

  സുക്താഗെൽഡോർ

**ദോളവീര**

- നഗരത്തെ ചുറ്റി കോട്ടകളും, ഗേറ്റ് സംവിധാനവും സുരക്ഷാ സംവിധാനവുമുണ്ടായിരുന്ന സിന്ധു നദീതട സംസ്കാരം?

  ദോളവീര

- ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ കണ്ടെത്തിയ സിന്ധു നദീതട സംസ്കാരം?

  ദോളവീര

- ഏകീകൃത ജലസേചന സൗകര്യമുണ്ടായിരുന്ന ഒരു പ്രധാന നഗരം?

  ദോളവീര

**ബനവാലി**

- ഹരിയാനയിലെ ഹിസാർ ജില്ലയിൽ സ്ഥിതിചെയ്യുന്ന സിന്ധുനദീതട കേന്ദ്രം?

  ബനവാലി

**സിന്ധുനാഗരിക കേന്ദ്രങ്ങൾ നദീതീരങ്ങൾ**

- ഹാരപ്പ - രവി
- മോഹൻജൊദാരോ - സിന്ധു
- ചാൻഹുദാരോ - സിന്ധു
- കാലിബംഗൻ - സരസ്വതി, ലഹാർ
- ബാൻവാലി - സരസ്വതി
- മിത്തൻ - യമുന
- കോട്ട്സിജി - സിന്ധു

SSC RRB EXAMS

- ലോത്തൽ - സബർമതിയുടെയും ഭോഗ്വയുടെയും സംഗമതീരം

**സിന്ധു നാഗരികതയിൽ പ്രധാന കണ്ടെത്തലുകൾ**

- നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ വെങ്കല പ്രതിമ - മോഹൻജൊദാരോ
- കുളിക്കടവ് - മോഹൻജൊദാരോ
- ക്ഷേത്ര മാതൃകകൾ - മോഹൻജൊദാരോ
- പശുപതി മഹാദേവന്റെ മുദ്ര - മോഹൻജൊദാരോ
- അസംബ്ലി ഹാൾ - മോഹൻജൊദാരോ
- പുരോഹിതനെന്ന് കരുതപ്പെടുന്ന താടിക്കാരന്റെ പ്രതിമ - മോഹൻജൊദാരോ
- ആടിന്റെയും എരുമയുടെയും പ്രതിമ - മോഹൻജൊദാരോ
- ധാന്യപ്പുരകൾ - മോഹൻജൊദാരോ
- ചുട്ടെടുത്ത അടുപ്പ് - ഹാരപ്പ
- സ്ത്രീലിംഗത്തിന്റെ കല്ലിൽ തീർത്ത മാതൃകകൾ - ഹാരപ്പ
- 'H' മാതൃകയിലുള്ള സെമിത്തേരികൾ - ഹാരപ്പ
- പട്ടി, മാനിനെ വേട്ടയാടുന്ന രൂപം - ഹാരപ്പ
- രണ്ട് നിരവീതമുള്ള ആറ് ധാന്യപ്പുരകൾ - ഹാരപ്പ
- തുറമുഖം - ലോത്തൽ
- വ്യാപാര ഭവനങ്ങൾ - ലോത്തൽ
- പേർഷ്യൻ ഗൾഫ് സീൽ - ലോത്തൽ
- ചെസ് ബോർഡ് - ലോത്തൽ
- കൂട്ട ശവമടക്കിന്റെ തെളിവുകൾ - ലോത്തൽ
- ചെമ്പിൽ നിർമ്മിച്ച നായ - ലോത്തൽ
- ബട്ടൺ മുദ്ര - ലോത്തൽ

- മാലിന്യ സംസ്കരണ കേന്ദ്രം - ലോത്തൽ, മോഹൻജൊദാരോ, ചാൻഹുദാരോ
- ലോഹ ഫാക്ടറി - ലോത്തൽ, ചാൻഹുദാരോ
- ചിപ്പി (മുത്ത്) ആഭരണങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി - ചാൻഹുദാരോ
- ചെമ്പിലോ, വെങ്കലത്തിലോ നിർമ്മിച്ച കാളവണ്ടി -ചാൻഹുദാരോ
- ഹാരപ്പൻ മുദ്ര - രൺഗപ്പൂർ
- മാതൃദേവതയുടെ പ്രതിമ - രൺഗപ്പൂർ
- ഉഴവുചാൽ പാടങ്ങൾ - കാലിബംഗൻ
- തീ അൾത്താരകൾ - കാലിബംഗൻ
- ചെമ്പിൽ നിർമ്മിച്ച കാളയുടെ രൂപം - കാലിബംഗൻ
- ചെമ്പിൽ തീർത്ത മഴു - രൂപാർ
- ചെമ്പിൽ തീർത്ത ആന -ദിംബാദ് (ദെയ്മാബാദ്)
- ചെമ്പിൽ തീർത്ത രഥം - ദിംബാദ് (ദെയ്മാബാദ്)
- മനുഷ്യരുടെ ചിതാഭസ്മം അടക്കം ചെയ്ത പേടകം - സുത്കാഗെൽഡോർ

SSC RRB EXAMS